**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** **11-06-2024 - ൽ മറുപടിയ്ക്ക്**

**എഐ ക്യാമറ പദ്ധതിയിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ. ക്യാമറ പദ്ധതിയിലെ അഴിമതി സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് പ്രസ്തുത ഉദ്യോഗസ്ഥനെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്ത് നിന്നും മാറ്റുന്നതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | എ. ഐ ക്യാമറ പദ്ധതിയുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, IAS അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സമയപരിധിക്കുള്ളിൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയം സംബന്ധിച്ചുള്ള കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയി-ലായതിനാൽ കേസിന്റെ തീർപ്പിന് വിധേയമായിട്ട് മാത്രമേ റിപ്പോർട്ടിലെ ശിപാർശകളിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് സ്ഥാനത്തു നിന്നും മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ